**കേരളസർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഡി.എഡ് പ്രവേശനം- 2016 -18- സംസ്ഥാനത്തെ എല്ലാ ഗവ /എയ്ഡഡ് ടി.ടി.ഐ കളും താത്കാലികമായി തുടരുന്നതിനും നിലവിലുള്ള സീററുകൾ നിലനിർത്തി പ്രവേശനം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ)നം.3486/2016/പൊ.വി.വ     തിരുവനന്തപുരം,തീയതി,21.10.2016

പരാമർശം: പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.09.2016 ലെ എം2/24787/ഡി.പി.ഐ.നമ്പർ കത്ത്.

**ഉത്തരവ്**

അടിസ്ഥാന സൗകര്യങ്ങളുടെയും ഫാക്കൽറ്റിയുടെയും അപര്യാപ്തതമൂലം സംസ്ഥാനത്ത് നിലവിലുള്ള ഗവൺമെൻറ്/ എയ്ഡഡ് റ്റി.റ്റി.ഐ.കളിൽ അനുവദിച്ചിരുന്ന സീറ്റുകളുടെ എണ്ണത്തിൽ (എൻ.സി.റ്റി.ഇ.) കുറവ് വരുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തെ എല്ലാ ഗവൺമെൻറ് / എയ്ഡഡ് റ്റി.റ്റി.ഐ.കളും താത്കാലികമായി തുടരുന്നതിനും നിലവിലുള്ള സീറ്റുകളിൽ പ്രവേശനം നടത്തുന്നതിനും സർക്കാർ മുൻവർഷങ്ങളിൽ താത്കാലികാനുമതി നൽകിവരുന്നതുപോലെ നടപ്പ് അദ്ധ്യയന വർഷവും (2016-18) താത്കാലിക പ്രവേശനം നൽകുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് വിവിധ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച് ഉത്തരവ് ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം സമർപ്പിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2016-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടുകളും (ടി.ടി.ഐ) താത്കാലികമായി തുടരുന്നതിനും നിലവിലുള്ള മുഴുവൻ സീറ്റുകളും നിലനിർത്തി ഈ വർഷത്തേയ്ക്കുമാത്രം പ്രവേശനം നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.ടി.ഇ) പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാ റ്റി.റ്റി.ഐ.കളും കർശനമായി പാലിക്കേണ്ടതും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോക്കോസ് പണിക്കർ.പി.ഐ
അഡീഷണൽ സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, IT@School (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.